## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 3034    13.10. 2011-ൽ മറുപടിക്ക്.**

## പുതിയ ഫയർസ്റ്റേഷനുകൾ അനുവദിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ജി. സുധാകരൻ | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) കേരള ഫയർ ആന്റ് റെസ്ക്യൂ സർവ്വീസിൽ 2011 മാർച്ച് 31-ന് മുമ്പ് ചെലവഴിക്കേണ്ട കേന്ദ്ര ഫണ്ടിന്റെയും സ്റ്റേറ്റ് പ്ലാൻ ഫണ്ടിന്റെയും പദ്ധതിയുടെ രൂപരേഖ എന്തൊക്കെയാണ് ; സർവ്വീസിൽ ഇതുവരെയില്ലാത്ത ഏതൊക്കെ പുതിയ ഉപകരണങ്ങളാണ് വാങ്ങാൻ ഉദ്ദേശിക്കുന്നത് ; വിശദീകരിക്കുമോ ; | : (എ) അഗ്നിശമനവും അടിയന്തിര സർവ്വീസുകളെയും ശക്തിപ്പെടുത്തുന്നതിനായി 316 ലക്ഷം രൂപ (75% CSS) 2011-12 സാമ്പത്തിക വർഷം അനുവദിച്ചിട്ടുണ്ട്. ആയതുപയോഗിച്ച് കോമ്പി റ്റൂൾസ്, ഹൈപ്രഷർ പമ്പ് (മിസ്റ്റ് ടെക്നോളജി) ക്വിക്ക് റെസ്പോൺസ് വെഹിക്കിൾ എന്നിവ വാങ്ങുവാൻ ഉദ്ദേശിക്കുന്നു. ഒറ്റത്തവണ അധിക കേന്ദ്ര സഹായം പ്രകാരം ലഭിച്ചിട്ടുള്ള 17,73,19,000/-രൂപ 2011-12-ലെ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത ഫണ്ടുപയോഗിച്ച് മിനി വാട്ടർ ടെണ്ടർ, എമർജൻസി ടെണ്ടർ, സ്കൈ ലിഫ്റ്റ് തുടങ്ങിയ ആധുനിക ഉപകരണങ്ങൾ വാങ്ങുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. സ്റ്റേറ്റ് പ്ലാൻ ഫണ്ട് ഇനത്തിൽ 650 ലക്ഷം രൂപ 2011-12 സാമ്പത്തിക വർഷം വകയിരുത്തിയിട്ടുണ്ട്. ഈ തുക ഉപയോഗിച്ചും ആധുനിക ഉപകരണങ്ങൾ വാങ്ങുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. കേന്ദ്ര സർക്കാർ അനുവദിച്ച 195 ലക്ഷം രൂപയിൽ സിവിൽ ഡിഫൻസ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് നിർമ്മാണത്തിനായി 60 ലക്ഷം രൂപ ഈ സാമ്പത്തിക വർഷം വകയിരുത്തിയിട്ടുണ്ട്. |

(മറുപുറം.........2)

| | |
|---|---|
| (ബി) കേരള ഫയർ സർവ്വീസ് വെൽഫെയർ കമ്മിറ്റി എന്ന പേരിൽ അംഗീകാരം ഇല്ലാത്ത ഒരു സംഘടന പ്രവർത്തിക്കുന്നുണ്ടോ ; ഇത് സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ടോ ; എങ്കിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ; | : (ബി) & (സി) വിവരം ശേഖരിച്ചുനൽകുന്നതാണ്. |
| (സി) കേരള ഫയർ സർവ്വീസ് അസോസിയേഷന്റെ സംഘടനാ തെരഞ്ഞെടുപ്പിൽ ഉണ്ടാകുന്ന സംഘടനാ തർക്കങ്ങളിൽ അന്തിമ തീർപ്പുകൽപ്പിക്കുന്നത് ആരാണ് ; അങ്ങനെ തർക്കങ്ങൾ ഉണ്ടായിട്ടുണ്ടോ ; | |
| (ഡി) ഈ സാമ്പത്തിക വർഷം പുതിയ ഫയർ സ്റ്റേഷനുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ എവിടെയെല്ലാമെന്ന് അറിയിക്കുമോ ? | : (ഡി) ഉണ്ട്. പുതുതായി ആരംഭിക്കുവാനുദ്ദേശിക്കുന്ന അഗ്നിശമന രക്ഷാ നിലയങ്ങളുടെ മുൻഗണനാ പട്ടിക തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ